നമ്പർ. സി. പി. (6)34191/2015

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി:01. 08. 2015
E-mail: keralarcs.coop@kerala.gov.in
Website: www.cooperation.kerala.gov.in
Fax: 0471-2331513
Tel: 0471-2330726

# സർക്കുലർ നമ്പർ 36/2015

വിഷയം: സഹകരണവകുപ്പ് – സംസ്ഥാനത്തെ വിവിധ സഹകരണസംഘങ്ങൾ/ബാങ്കുകൾ, ഇവയുടെ ആഭിമുഖ്യത്തിലുള്ള കർഷകസേവനകേന്ദ്രങ്ങൾ എന്നിവ വഴി ഉല്പാദിപ്പിക്കുന്ന കാർഷിക/കാർഷികേതര ഉല്പന്നങ്ങളുടെ വിപണന ശൃംഖല നടപ്പിലാക്കുന്നത് – മാർഗ്ഗനിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന: 1. ബഹു. സഹകരണവകുപ്പ് മന്ത്രി 14/07/2015 – ൽ നിയമസഭയിൽ നടത്തിയിട്ടുള്ള പ്രഖ്യാപനം
2. 23.07.2015 – ൽ ചേർന്ന യോഗതീരുമാനം

..............

സംസ്ഥാനത്തെ സഹകരണവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ സഹകരണ സ്ഥാപനങ്ങൾ മുഖേന കാർഷികമേഖലയിൽ വളരെ ശക്തമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സഹകരണവകുപ്പിന്റെ പദ്ധതികളായ സുവർണ്ണകേരളം, തിരഞ്ഞെടുക്കപ്പെട്ട സഹകരണസംഘങ്ങൾ മുഖേന ആരംഭിച്ചിട്ടുള്ള കർഷകസേവനകേന്ദ്രങ്ങൾ എന്നിവ വഴി വിഷരഹിത ജൈവപച്ചക്കറി, പാൽ, മുട്ട എന്നിവയുടെ ഉല്പാദനം ലക്ഷ്യമിട്ടതുപ്രകാരം ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. "സുവർണ്ണകേരളം" പദ്ധതിയുടെ ഭാഗമായി മട്ടുപ്പാവ് കൃഷി, അടുക്കളത്തോട്ടം, തരിശുനിലകൃഷി എന്നിവ സഹകരണസ്ഥാപനങ്ങൾ നേരിട്ടും, സംഘാംഗങ്ങൾ മുഖേനയും കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായസംഘങ്ങൾ എന്നിവ വഴിയും നടന്നുവരുന്നുണ്ട്. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് ഫലപ്രദമായ വിപണികണ്ടെത്തുന്നതോടൊപ്പം തന്നെ ശുദ്ധവും വിഷരഹിതവുമായ ഭക്ഷ്യവസ്തുക്കൾ ജനങ്ങൾക്ക് നല്കേണ്ടതുമുണ്ട്. ഇതിനായി പ്രാദേശികമായ ലഭ്യതക്ക് അനുസരിച്ച് വിഷരഹിത പച്ചക്കറി, മറ്റ് ഭക്ഷ്യോല്പന്നങ്ങൾ, പ്രാദേശികമായി ലഭിക്കുന്ന ചക്ക ഉൾപ്പെടെയുള്ള പഴവർഗ്ഗങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന ഭക്ഷ്യവസ്തുക്കൾ എന്നിവ വിൽക്കുന്നതിനായി "സുവർണ്ണം" എന്ന പേരിൽ വില്പനശാലകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകി ഓരോ പ്രദേശത്തെയും പ്രാഥമിക സർവ്വീസ് സഹകരണബാങ്കുകളെ ഇതിനായി തെരഞ്ഞെടുക്കാം. നിലവിൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങളെ ഇതിന് ചുമതലപ്പെടുത്താവുന്നതാണ്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ അതിനുപുറമേ താലൂക്കുകളിൽ ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ, സംഘങ്ങളുടെ മുൻകാല പ്രവർത്തനം വിലയിരുത്തി സംഘങ്ങളെ തിരഞ്ഞെടുക്കാവുന്നതും സഹകരണസംഘം രജിസ്ട്രാറുടെ അനുവാദം വാങ്ങേണ്ടതുമാണ്.

പൊതുവിപണിയിൽ നിന്നും ഏറ്റവും അധികം മത്സരം നേരിടുമെന്നതിനാൽ ഗുണമേന്മയിലും വിശ്വാസ്യതയിലും സത്യസന്ധത പുലർത്തുന്നതിൽ വിപണന കേന്ദ്രങ്ങൾ അങ്ങേയറ്റം ശ്രദ്ധ പുലർത്തേണ്ടതും ടി വില്പനശാലയുടെ ഉദ്ദേശലക്ഷ്യങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

ഒരു താലൂക്കിൽ ഒന്ന് എന്ന കണക്കിൽ രജിസ്ട്രാറുടെ അംഗീകാരത്തോടുകൂടി വില്പനശാല 2015 ആഗസ്റ്റ് 22 നു മുമ്പ് ആരംഭിക്കേണ്ടതാണ്.

## വില്പനശാല ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

- 1000 – 1500 സ്ക്വയർ ഫീറ്റ് പീടിക മുറിയും ഒരു ഗോഡൗണും ആവശ്യമാണ്.
- സാധന സാമഗ്രികൾ കൈകാര്യം ചെയ്യാനും ഉൽപ്പാദകനിൽ നിന്ന് ഉൽപ്പന്നം ശേഖരിക്കാനും, ആവശ്യമെങ്കിൽ വാങ്ങുന്നവർക്ക് ഒരു മിനിമം തുക നിശ്ചയിച്ച് സാധനങ്ങൾ എത്തിക്കുന്നതിനും ഷോപ്പിലേയ്ക്ക് കൊണ്ടു വരുന്നതിനും ഒരു ഡെലിവറി വാനും ആവശ്യമാണ്.
- ഷോപ്പിലേയ്ക്ക് സംഘത്തിന്റെ ഉത്തരവാദപ്പെട്ട ഒരു ജീവനക്കാരന്റെ സേവനം ലഭ്യമാക്കാവുന്നതാണ്. സെയിൽസ്മാൻ, ഡ്രൈവർ തുടങ്ങിയവയിലേയ്ക്ക് ഗ്രീൻ ആർമി പ്രവർത്തകരുടെയും, സ്വയം സഹായ ഗ്രൂപ്പുകളിലെ അംഗങ്ങളെയും തിരഞ്ഞെടുത്ത് ചുമതലപ്പെടുത്താവുന്നതാണ്. ഗ്രീൻ ആർമിയിൽ അപ്രകാരം അംഗങ്ങൾ ഇല്ലെങ്കിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താവുന്നതാണ്.
- മിനിമം ടേൺ ഓവർ നിശ്ചയിക്കണം. എല്ലാ ഉൽപ്പന്നങ്ങളും ചേർത്ത് ചുരുങ്ങിയത് 50,000/- രൂപയുടെ പ്രതിദിന വിറ്റുവരവെങ്കിലും ലക്ഷ്യമിടണം.

- ❖ പച്ചക്കറികൾ/മറ്റു ഭക്ഷ്യോൽപ്പന്നങ്ങൾ 'സുവർണ്ണം' എന്ന ബ്രാന്റ് നെയിമിൽ നൽകാവുന്നതാണ്.
- ❖ വ്യാപാര വ്യവസായ ശാലകൾ, ഹോസ്റ്റൽ, ഓർഫനേജ്, മറ്റു സ്ഥിരം ഉപഭോക്താക്കൾ എന്നിവരുടെ ഓർഡർ പ്രകാരം സ്ഥിരമായി ഡെലിവറി സെയിൽസ് അനുവദിക്കാവുന്നതാണ്.

## വിൽപ്പന നടത്താവുന്ന ഉൽപ്പന്നങ്ങൾ

പ്രാദേശികമായി ലഭിക്കുന്ന ചുവടെ പരാമർശിക്കുന്നതുൾപ്പെടെയുള്ള എല്ലാ തരം പച്ചക്കറികളും ഉല്പന്നങ്ങളും വില്പന നടത്താവുന്നതാണ്.

1. വിഷരഹിതമായ കേരളത്തിന്റെ പരമ്പരാഗത കാർഷിക/ഭക്ഷ്യോൽപ്പന്നങ്ങൾ
2. നാടൻ നേന്ത്രപ്പഴം
3. ചെറുപഴം
4. നാടൻ മാമ്പഴം(വൈക്കോലിൽ പഴുപ്പിച്ചെടുത്തത്)
5. ചക്ക/ചക്ക ഉൽപ്പന്നങ്ങൾ
6. മരച്ചീനി, കൂവ, ചേന, ചേമ്പ്, കാച്ചിൽ, ഇടിച്ചക്ക, മുരിങ്ങയില, കൂർക്ക, വാഴക്കൂമ്പ്, ഉണ്ണിത്തണ്ട്, നെല്ലിക്ക, അമ്പഴങ്ങ, വാളൻപുളി, കുടമ്പുളി, സീതപ്പഴം, മുള്ളൻചക്ക, പനംചക്കര, കരുപ്പട്ടി.
7. നാടൻ കോഴിമുട്ട, താറാവ് മുട്ട, കാടമുട്ട
8. വെളിച്ചെണ്ണ, നല്ലെണ്ണ, കടലയെണ്ണ
9. വിവിധയിനം നാടൻ അരി, നെല്ല് മുതലായവ
10. സംഘത്തിന്റെ സ്വയംസഹായ ഗ്രൂപ്പുകൾ/കുടുംബശ്രീ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന വിവിധതരം മുറുക്കുകൾ, ചിപ്സ്, അച്ചാറുകൾ മുതലായവ
11. സ്വയംസഹായ ഗ്രൂപ്പുകൾ/കുടുംബശ്രീ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന മുളക്പൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, അരിപ്പൊടി, അവിൽ മുതലായവ
12. കൃഷി വകുപ്പിന്റെ വിവിധ ഫാമുകളിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന വിവിധയിനം സോസുകൾ, അച്ചാറുകൾ, അനുബന്ധ ഉൽപ്പന്നങ്ങൾ മുതലായവ.
13. പൊതുവായി ഉപയോഗിക്കുന്ന ആയുർവേദ സാധനങ്ങൾ, ദാഹശമിനി, സാമ്പ്രാണി മുതലായവ.
14. വിഷരഹിത പച്ചക്കറി കൃഷിയ്ക്ക് ആവശ്യമായ വിത്തും വളവും
15. അനുബന്ധ ഉൽപ്പന്നങ്ങളും സാധന സാമഗ്രികളും
16. ഗ്രോബാഗ്

17. ജൈവകീടനാശിനികൾ

18. പമ്പ് സെറ്റ് ഉൾപ്പെടെയുള്ള ജലസേചനോപാധികൾ

19. വിവിധ തരം കാർഷികോപകരണങ്ങൾ (കാട്‌വെട്ട് യന്ത്രം, തെങ്ങ് കയറുന്നതിനുള്ള യന്ത്രം തുടങ്ങിയ എല്ലാ ഉപകരണങ്ങളും)

20. മറ്റു പ്രാദേശികമായി ലഭിക്കുന്ന ഉൽപ്പന്നങ്ങൾ.

21. നീര

ഒപ്പ്
എസ്. ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

(1) ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ
(2) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർ
(3) ഡയറക്ടർ (കൃഷിവകുപ്പ്)
(4) ഡയറക്ടർ (ആരോഗ്യവകുപ്പ്)
(5) അസി. രജിസ്ട്രാർ(ജനറൽ)മാർ (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
(6) അസി. ഡയറക്ടർ(ആഡിറ്റ്)മാർ (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
(7) കൃഷി ആഫീസർമാർ (ബന്ധപ്പെട്ട അസി. രജിസ്ട്രാർ (ജനറൽ) മുഖേന)
(8) ഹെൽത്ത് ഇൻസ്പെക്ടർമാർ (ബന്ധപ്പെട്ട അസി. രജിസ്ട്രാർ (ജനറൽ) മുഖേന)
(9) പ്രാഥമിക വായ്പാസഹകരണസംഘങ്ങൾ/ബാങ്കുകൾക്ക് (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
(10) രജിസ്ട്രാറുടെ മേശപ്പുറത്ത്
(11) വെബ്സൈറ്റ്
(12) സഹകരണവീഥി/സഹകരണജേർണൽ (പ്രസിദ്ധീകരണത്തിന്)
(13) സ്റ്റോക്ക് ഫയൽ
(14) സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.പി)